**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** **06-07-2022 - ൽ മറുപടിയ്ക്ക്**

**പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി 2011-12 ൽ ചെലവഴിച്ച തുക വ്യക്തമാക്കുമോ; | (എ) | പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി 2011-12 ൽ തുക ചെലവഴിച്ചിട്ടില്ല. പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി പ്രൊജക്ട് നമ്പർ 127/12 പടിഞ്ഞാറ്റുമുറി കുടിവെള്ളം കിണർ നിർമ്മാണം എന്ന പദ്ധതി 2011-12 ൽ രൂപീകരിക്കുകയും ആയത് സ്പില്ലോവർ ആയി 2012-13 വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ളതുമാണ്. തുക 1,47,053/- രൂപ. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമായിരുന്നുവെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച് നടത്തേണ്ടതായിരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br>1)പടിഞ്ഞാറ്റുമുറി കുടിവെള്ളം കിണർ നിർമ്മാണം.<br>2)പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം. 3)പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി.<br>4)പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ.<br><br>മേൽ പറഞ്ഞ നാല് പ്രവർത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. അവ പൂർത്തീകരിച്ചിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി പഞ്ചായത്തിന് വിട്ടുനൽകിയിരുന്നോയെന്നും ഉണ്ടെങ്കിൽ ആരാണ് വിട്ടുനൽകിയതെന്നും എന്നാണ് വിട്ടുനൽകിയതെന്നും വ്യക്തമാക്കുമോ; | (സി) | പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി അമ്പലവൻ പാത്തുമ്മകുട്ടി w/o തൈരനിൽ മുഹമ്മദ് (Late) തൈരനിൽപ്പടി, പാങ്ങ് വെസ്റ്റ് എന്നവർ 446/6 എന്ന സർവ്വേ നമ്പറിൽ 1.5 സെന്റ് സ്ഥലം ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫാറം എ.റൂൾ 3 ഭൂമി വിട്ടു നൽകുന്നതിനുള്ള അപേക്ഷ പ്രകാരം വില്ലേജ് ഓഫീസർ ഒപ്പിട്ടു നൽകിയിട്ടുണ്ട്. ആയതിൽ ഭൂമി വിട്ടു കൊടുക്കുന്നതിന്റെ ആവശ്യം കിണർ നിർമ്മാണം എന്നാണ് കാണുന്നത്. 13/02/2012 |

| | | | |
|---|---|---|---|
| | | | തീയതിയിലാണ് റിലിങ്കിഷ് ഫോറം നൽകിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആസ്തി നമ്പർ വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്രപേർക്കാണ് ലഭിച്ചിട്ടുള്ളതെന്നും അത് ആർക്കൊക്കെയാണെന്നും വിശദമാക്കാമോ? | (ഇ) | പ്രസ്തുത പദ്ധതി 100 കുടുംബങ്ങൾക്കാണ് വിഭാവന ചെയ്തിട്ടുള്ളത്. ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ഭാഗമായി ആർക്കും കണക്ഷൻ നൽകിയിട്ടില്ല. നിലവിൽ പദ്ധതി പ്രവർത്തന ക്ഷമമല്ല. |

സെക്ഷൻ ഓഫീസർ